**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം – 2011–12 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടൽ – നടപടിക്രമങ്ങൾ നിശ്ചയിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ.257/2010/തസ്വഭവ    തിരുവനന്തപുരം, തീയതി: 06–11–2010

---

പരാമർശം:
(1) സ.ഉ.(എം.എസ്) നമ്പർ 128/2007/തസ്വഭവ, തീയതി. 14.05.2007
(2) സ.ഉ. (എം.എസ്) നമ്പർ 183/2007/തസ്വഭവ, തീയതി. 24.07.2007
(3) സർക്കുലർ നമ്പർ 69989/ഡി.എ.1/2007/തസ്വഭവ;തീയതി 31.12.2007
(4) സ.ഉ.(എം.എസ്) നമ്പർ 17/2008/തസ്വഭവ; തീയതി 16.01.2008
(5) സ.ഉ. (എം.എസ്) നമ്പർ 39/2008/തസ്വഭവ ;തീയതി 11.02.2008
(6) സ.ഉ.(എം.എസ്) നമ്പർ. 73/2008/തസ്വഭവ;തീയതി 13.03.2008
(7) സ.ഉ.(എം.എസ്) നമ്പർ. 199/2008/തസ്വഭവ; തീയതി 11.07.2008
(8) സർക്കുലർ നമ്പർ 52936/ഡി.എ1/2008/തസ്വഭവ, തീയതി 11.08.2008
(9) സർക്കുലർ നമ്പർ 71413/ഡി.ബി2/2008/തസ്വഭവ, തീയതി 10.11.2008
(10) സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
(11) സർക്കുലർ നം. 61128/ഡി.സി..2/2009/തസ്വഭവ; തീയതി 19.11.2009
(12) സ.ഉ.(സാധാ)നം.3246/2009/തസ്വഭവ; തീയത 07.12.2009
(13) സ.ഉ.(സാധാ)നം.3282/2009/തസ്വഭവ ; തീയതി 10.12.2009
(14) സർക്കുലർ നം.73116/ഡി.എ1/2009/തസ്വഭവ; തീയതി 10.12.2009
(15) സ.ഉ.(എം.എസ്) നമ്പർ 257/2009/തസ്വഭവ, തീയതി 30.12.2009
(16) സ.ഉ.(എം.എസ്) നമ്പർ 12/2010/തസ്വഭവ, തീയതി 16.01.2010
(17) സർക്കുലർ നമ്പർ 2073/ഡി.എ1/2010/തസ്വഭവ, തീയതി 16.01.2010
(18) സർക്കുലർ നമ്പർ 4466/ഡി.ബി2/2009/തസ്വഭവ, തീയതി 02.02.2009
(19) സ.ഉ.(സാധാ)നം.923/2010/തസ്വഭവ ; തീയതി 18.03.2010
(20) സ.ഉ.(സാധാ)നം.1269/2010/തസ്വഭവ ; തീയതി 08.04.2010
(21) സ.ഉ.(സാധാ)നം.1974/2010/തസ്വഭവ ; തീയതി 14.06.2010
(22) സ.ഉ.(സാധാ)നം.2602/2010/തസ്വഭവ ; തീയതി 06.08.2010
(23) സർക്കുലർ നമ്പർ 54345/ഡി.എ1/2010/തസ്വഭവ, തീയതി 02.09.2010

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകരിക്കപ്പെട്ട വാർഷിക പദ്ധതി അവയുടെ ബജറ്റിന്റെ ഭാഗമാക്കണമെന്ന് 1994–ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലും 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അത് പൂർണ്ണമായി നടപ്പാക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. മുൻ വർഷം 25 ഗ്രാമപഞ്ചായത്തുകളും 6 ബ്ലോക്ക് പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ ആകെ 33 തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ് മാർച്ച് 31–നകം 2010–11 വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയത്. ഓരോ സാമ്പത്തിക വർഷവും മാർച്ച് ആദ്യം തന്നെ അടുത്ത വാർഷിക പദ്ധതിയുടെ അംഗീകാര നടപടികൾ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വാർഷിക പദ്ധതി ബജറ്റിന്റെ ഭാഗമാക്കാനും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവഹണം തുടങ്ങാനും കഴിയുകയുള്ളൂ. ഇതിന് കഴിയും വിധം 2011–12 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2. 2011–12 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുന്നതിന്, മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന നിശ്ചയിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. 2011–12 മുതൽ 2015–16 വരെ 4–ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവാണ്. ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം മാത്രമേ വിവിധ വിഭാഗങ്ങളിൽ (വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്) ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള 2011–12–ലെ യഥാർത്ഥ വിഹിതം എത്രയെന്ന് വ്യക്തമാകുകയുള്ളൂ. അതുകൊണ്ട് ഇപ്പോൾ താത്കാലിക കണക്കുകളുടെ അടിസ്ഥാന ത്തിൽ പദ്ധതി തയ്യാറാക്കാവുന്നതാണ്. മൂന്നാം ധനകാര്യ കമ്മീഷൻ അവലംബിച്ച അതേ മാനദണ്ഡങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും 2011–12–ൽ ലഭിക്കാവുന്ന വിഹിതം എത്രയായിരിക്കുമെന്ന് സർക്കാർ കണക്കാക്കി അറിയിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2010–ലെ പുനസംഘടന കൂടി കണക്കിലെടുത്തായിരിക്കും താത്ക്കാലിക വിഹിതം കണക്കാക്കുന്നത്. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്ന താത്കാലിക വിഹിതത്തിന്റ (tentative allocations) അടിസ്ഥാനത്തിൽ വാർഷിക പദ്ധതി ഇപ്പോൾ തയ്യാറാക്കേണ്ടതാണ്.

4. വികസനഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും വിനിയോഗത്തിൽ 2009–10–ൽ ഷോർട്ട്ഫോൾ ഉണ്ടായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഷോർട്ട്ഫാൾ തുക കുറവു ചെയ്ത് ബാക്കി ലഭ്യമായ വിഹിതത്തിനു മാത്രമേ പദ്ധതി തയ്യാറാക്കാൻ പാടുള്ളൂ. ഈ രീതിയിൽ ലഭ്യമാകാവുന്ന തുകയ്ക്ക് അനുസൃതമായി മേഖലാ നിബന്ധനകൾ പാലിച്ച് പുതിയ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും മുൻ വർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2011–12 വർഷത്തെ വിഹിതം ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവ കൂടി ഉൾപ്പെടുത്തിയ വാർഷിക പദ്ധതിക്ക് അംഗീകാരം നേടേണ്ടതുമാണ്. മുൻവർഷങ്ങളിലെ ന്യൂനതകൾ പരിഹരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അവ പൂർണ്ണമായും പരിഹരിക്കണം.

5. 2011–12–ൽ തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവർ പ്രോജക്ടുകൾക്ക് അവയുടെ ക്യാരിഓവർ വിഹിതം കൂടാതെ 2011–12–ൽ ലഭിക്കുന്ന വിഹിതം കൂടി വകയിരുത്തേണ്ടി വരുമെന്ന് മുൻകൂട്ടി കണക്കാക്കാൻ കഴിയുമെങ്കിൽ ഓരോ മേഖലയിലും ഇപ്രകാരം വേണ്ട അധികവിഹിതം "പ്രോജക്ടുകൾക്ക് നീക്കിവയ്ക്കാത്ത വിഹിതമായി" (unallocated share) അതത് മേഖലയിൽ മാറ്റിവയ്ക്കേണ്ടതാണ്.

6. പ്രോജക്ടുകളോടൊപ്പം ആസൂത്രണ നടപടികൾ സംബന്ധിച്ച രേഖകളും പദ്ധതി രേഖകളും സമർപ്പിക്കണം.

7. പദ്ധതിച്ചെലവാണെങ്കിലും അല്ലെങ്കിലും ബജറ്റിൽ ഉൾപ്പെടുത്തിയ തുകകൾ മാത്രമേ ചെലവ് ചെയ്യാൻ പാടുള്ളൂവെന്ന് 1994–ലെ കേരള പഞ്ചായത്ത്രാജ് നിയമവും [വകുപ്പ് 214(6)] 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമവും [വകുപ്പ് 293(6)] അനുശാസിക്കുന്നുണ്ട്. അതുകൊണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്ന വാർഷിക പദ്ധതി 2011–12 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. വാർഷിക പദ്ധതിയിൽപ്പെടുത്തിയ ഓരോ പ്രോജക്ടിനും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചത് പ്രകാരം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക ബന്ധപ്പെട്ട കണക്കിനത്തിന് (Head of Account) കീഴിൽ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം നേടണം. ഒന്നിൽ കൂടുതൽ പ്രോജക്ടുകൾ ഒരു ബജറ്റ് ഹെഡിന് കീഴിൽ ഉൾപ്പെടുത്തേണ്ടി വന്നേക്കാം. ബജറ്റ് അനുസരിച്ച് നടത്തുന്ന ചെലവുകൾ മാത്രമേ നിയമാനുസൃതമാകുകയുള്ളൂ.

8. നടപ്പു സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം 2011–12 വാർഷിക പദ്ധതിയിൽ തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവർ പ്രോജക്ടുകളെ സംബന്ധിച്ച് തീരുമാനമെടുത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. ഈ സമയത്ത് അടുത്ത വർഷത്തെ യഥാർത്ഥ ബജറ്റ് വിഹിതത്തിന്റെ വിവരങ്ങൾ ലഭ്യമാകും. അതിനനുസൃതമായി വാർഷിക പദ്ധതിയിൽ മാറ്റം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ വാർഷിക പദ്ധതി പരിഷ്കരിക്കണം. ഇങ്ങനെ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

8.1 2010–11 വാർഷിക പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, മേഖലാ വിഭജനത്തിൽപ്പെടാത്ത പ്രോജക്ടുകൾ, വനിതാ ഘടക പദ്ധതി, ശിശുക്കൾ–വൃദ്ധർ–ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ പദ്ധതി, ഉത്പാദനം, ചേരിവികസനം മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതികൾക്ക്/മേഖലകൾക്ക്/അനിവാര്യ പരിപാടികൾക്ക് വകയിരുത്തിയതിൽ ചെലവഴിക്കാൻ കഴിയാതെ ബാക്കിവരുന്ന തുക അതത് പ്രത്യേക പദ്ധതികൾക്ക്/ മേഖലകൾക്ക്/പരിപാടികൾക്ക് തന്നെ ചെലവഴിക്കേണ്ടതാണ്.

8.2 2011–12 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർത്ത് 2010–11 വാർഷിക പദ്ധതിയിൽപ്പെട്ട പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതാണ്. ആ യോഗത്തിൽ വെച്ച് 2010–11–ലെ ചെലവുകണക്കുകളും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രവും തയ്യാറാക്കണം. ഇതിനുപുറമെ താഴെപ്പറയുന്ന പട്ടികകളും തയ്യാറാക്കണം.

(i) പൂർത്തീകരിച്ച പ്രോജക്ടുകൾ.

(ii) നിർവഹണം ആരംഭിക്കാത്തതുകൊണ്ടോ നിർവഹണം പൂർത്തിയാകാത്തതു കൊണ്ടോ നിർവഹണം പൂർത്തിയായെങ്കിലും പെയ്മെന്റ് നൽകാൻ ബാക്കിയുള്ളതുകൊണ്ടോ സ്പിൽഓവറായി തുടരേണ്ട പ്രോജക്ടുകൾ.

(iii) നിർവഹണം ആരംഭിച്ചിട്ടില്ലെങ്കിലും തുടർന്ന് നടപ്പാക്കേണ്ടതില്ലാത്തതുകൊണ്ട് ഒഴിവാക്കുന്ന പ്രോജക്ടുകൾ.

(iv) നിർവഹണം പൂർത്തിയായില്ലെങ്കിലും പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുന്ന പ്രോജക്ടുകൾ.

8.3 മേൽപറഞ്ഞ പട്ടികകൾ തയ്യാറാക്കുന്നതോടൊപ്പം തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവൽ പ്രോജക്ടുകൾക്ക് മതിയായ ക്യാരിഓവർ വിഹിതം ലഭ്യമാണോയെന്ന് പരിശോധിക്കുകയും വേണം. ജല അതോറിട്ടിക്ക് വെള്ളക്കരം, പി.എം.ജി.എസ്.വൈ. റോഡുകളുടെ മെയിന്റനൻസ് വിഹിതം തുടങ്ങിയ ബാധ്യതകൾ സ്രോതസ്സിൽ വച്ചുതന്നെ കുറവ് ചെയ്യുക (deduction at source) എസ്റ്റിമേറ്റ് പുതുക്കുക മുതലായ സന്ദർഭങ്ങളിൽ സ്പിൽഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് മതിയായ ക്യാരിഓവർ വിഹിതം ഉണ്ടാകണമെന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ അധിക തുക വേണ്ട സ്പിൽഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്നും ഓരോ പ്രോജക്ടിനും എന്ത് തുക അധികം വേണമെന്നും കണക്കാക്കണം. അധികം വേണ്ട തുക ബന്ധപ്പെട്ട മേഖലയിലെ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന ക്യാരിഓവർ വിഹിതത്തിൽ നിന്നോ പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം ലഭിക്കുന്ന മിച്ചത്തുകയിൽ (savings) നിന്നോ കണ്ടെത്തി വകയിരുത്തേണ്ടതാണ്. 2011–12–ലെ വിഹിതത്തിൽ നിന്ന്, "പ്രോജക്ടുകൾക്ക് നീക്കിവയ്ക്കാത്ത വിഹിതം" ഓരോ മേഖലയിലും മാറ്റിവെച്ചിട്ടുണ്ടെങ്കിൽ ആ വിഹിതവും ഉപയോഗിക്കാവുന്നതാണ്. ഈ രീതിയിൽ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ മേഖലാ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി 2011–12–ലെ വിഹിതത്തിൽ നിന്ന് തുക കണ്ടെത്തി വകയിരുത്തണം. അംഗീകാരം നേടിയ പുതിയ പ്രോജക്ടുകൾ ഭേദഗതി ചെയ്താൽ മാത്രമെ ഇങ്ങനെ വിഹിതം കണ്ടെത്താൻ കഴിയുകയുള്ളൂ.

8.4 ഭേദഗതി ആവശ്യമില്ലാത്ത സ്പിൽഓവർ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം തുടർന്ന് നടപ്പാക്കാവുന്നതാണ്. അതായത് 2010–11–ൽ അംഗീകാരം നേടിയ അതേ രീതിയിൽ പ്രോജക്ട് പ്രവർത്തനങ്ങളിലും വിഹിതത്തിലും മാറ്റമില്ലാതെ തുടർന്ന് നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ടി.എ.ജി. പരിശോധനയും ഡി.പി.സി. അംഗീകാരവും ആവശ്യമില്ല. അത്തരം പ്രോജക്ടുകൾ 2011–12–ലേക്ക് മതിയായ വിഹിതം വകയിരുത്തി തുടർന്ന് നടപ്പാക്കാവുന്നതാണ്. അതുപോലെ മുടക്കം കൂടാതെ തുടർന്ന് നടപ്പാക്കേണ്ട അംഗൻവാടി പോഷഹാര പ്രോജക്ടുകളും 2011 ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണ്.

8.5 എല്ലാ സ്പിൽഓവർ പ്രോജക്ടുകളും അംഗീകാരം നേടിയ അതേ രീതിയിൽ തുടർന്ന് നടപ്പാക്കുകയും സ്പിൽഓവർ പ്രോജക്ടുകൾക്ക് മതിയായ ക്യാരിഓവർ വിഹിതം ലഭ്യമാകുന്നതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽഓവർ പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടേണ്ടതില്ലെങ്കിലും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും നടപടി ഉത്തരവ് നേടുകയും വേണം. അതിന് സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

8.6 2010–11–ൽ അംഗീകാരം നേടിയതിന് വ്യത്യസ്തമായി പ്രോജക്ട് പ്രവർത്തനങ്ങളിലും വിഹിതത്തിലും മാറ്റം വരുത്തി നടപ്പാക്കുന്ന സ്പിൽഓവർ പ്രോജക്ടുകൾക്ക് ടി.എ.ജി. പരിശോധനയും ഡി.പി.സി. അംഗീകാരവും ആവശ്യമാണ്. പരിശോധനയ്ക്കായി ഒറിജിനൽ പ്രോജക്ട് കൂടി സമർപ്പിക്കണം.

8.7 യഥാർത്ഥ ബജറ്റ് വിഹിതം അറിയുന്നതിനെ തുടർന്ന് വിഹിതത്തിൽ വ്യത്യാസമുണ്ടെന്ന് കാണുകയാണെങ്കിൽ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ മുൻപ് തയ്യാറാക്കിയ വാർഷിക പദ്ധതി പരിഷ്കരിക്കണം. ഈ സന്ദർഭത്തിൽ അംഗീകാരം നേടിയ പുതിയ പ്രോജക്ടുകളിൽ ഭേദഗതി ആവശ്യമായി വന്നേക്കാം. അങ്ങനെയെങ്കിൽ ഭേദഗതി വരുത്തുന്ന പ്രോജക്ടുകൾ ടി.എ.ജി. പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

9. മുകളിൽ വിവരിച്ച രീതിയിൽ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2011–12 വാർഷിക പദ്ധതി പരിഷ്കരിച്ച് 2011 ഏപ്രിൽ 30–നകം അംഗീകാരം നേടണം. സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുസൃതമായി പദ്ധതിരേഖയും പരിഷ്കരിക്കേണ്ടതാണ്. പരിഷ്കരിച്ച അന്തിമ പദ്ധതിരേഖയുടെ ഒരു കോപ്പി സ്പിൽഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങളോടൊപ്പം ടി.എ.ജി. മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് നൽകുകയും മറ്റൊരു കോപ്പി തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കുകയും വേണം.

10. വാർഷിക പദ്ധതി പരിഷ്കരിച്ച് അംഗീകാരം നേടുന്നതിനെ തുടർന്ന് ബജറ്റും പരിഷ്കരിക്കേണ്ടതുണ്ട്. ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുകയാണെങ്കിൽ അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണെന്ന് കേരള പഞ്ചായത്ത്‌രാജ് നിയമവും [വകുപ്പ് 214(5)] കേരള മുനിസിപ്പാലിറ്റി നിയമവും [വകുപ്പ് 293(5)] അനുശാസിക്കുന്നു. ഇപ്രകാരം പുതുക്കിയ ബജറ്റിന് ഭരണസമിതിയുടെ അംഗീകാരം നേടിയതിനുശേഷം മാത്രമേ പരിഷ്കരിച്ച വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകൾ നടത്താൻ പാടുള്ളൂ.

11. 2011–12 വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി അംഗീകാരം നേടുന്നതിലെ പ്രധാന പ്രവർത്തന ഘട്ടങ്ങൾ പൂർത്തിയാക്കേണ്ട തീയതികൾ ചുവടെ ചേർത്തിട്ടുണ്ട്. ഇതിൽ പദ്ധതി സമർപ്പിക്കുന്നതിനും അംഗീകാരം നേടുന്നതിനുമുള്ളവ ഒഴികെയുള്ള തീയതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൗകര്യാർത്ഥം മാറ്റം വരുത്താവുന്നതാണ്. എന്നാൽ പദ്ധതി സമർപ്പണത്തിനും അംഗീകാരം നേടുന്നതിനുമുള്ള അവസാന തീയതികൾ മാൻഡേറ്ററിയാണ്.

**11.1 2011–12 വാർഷിക പദ്ധതി**

| ക്രമ നം | പ്രവർത്തനങ്ങൾ | അവസാന തീയിതി |
|---|---|---|
| 1 | വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന | 2010 ഡിസംബർ 1 |
| 2 | വർക്കിംഗ് ഗ്രൂപ്പുകൾ, വികസനാവസ്ഥ അപഗ്രഥനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കൽ | 2010 ഡിസംബർ 6 |
| 3 | ജില്ലാ ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2011–12 വാർഷിക പദ്ധതിയിൽ പാലിക്കേണ്ട ജില്ലാതല മുൻഗണനകൾ നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർക്കൽ | 2010 ഡിസംബർ 13 |
| 4 | ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങൾക്ക് മുൻപ് സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചന | 2010 ഡിസംബർ 17 |
| 5 | ഗ്രാമ/വാർഡ്സഭാ യോഗങ്ങൾ | 2011 ജനുവരി 5 |
| 6 | ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പുനസംഘടന | 2011 ജനുവരി 5 |
| 7 | ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മറ്റ് തലങ്ങളിലെ പഞ്ചായത്തുകളുമായി കൂടിയാലോചന നടത്തൽ | 2011 ജനുവരി 7 |
| 8 | തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതി തയ്യാറാക്കൽ | 2011 ജനുവരി 15 |
| 9 | വികസന സെമിനാർ | 2011 ജനുവരി 20 |

| | | |
|---|---|---|
| 10 | പ്രോജക്ടുകൾ തയ്യാറാക്കിയതിനു ശേഷം പദ്ധതിക്ക് അന്തിമ രൂപം നൽകി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന് സമർപ്പിക്കൽ | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2011 ഫെബ്രുവരി 1<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും – 2011 ഫെബ്രുവരി 10 |
| 11 | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2011 ഫെബ്രുവരി 14<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും – 2011 ഫെബ്രുവരി 25 |

**11.2 2011–12–ലെ പട്ടിക വർഗ്ഗ ഉപപദ്ധതി**

| ക്രമ നം | പ്രവർത്തനങ്ങൾ | അവസാന തീയതി |
|---|---|---|
| 1 | വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 2010 ഡിസംബർ 1 |
| 2 | പശ്ചാത്തലം ഒരുക്കൽ, വികസാനവസ്ഥയുടെ അപഗ്രഥനം | 2010 ഡിസംബർ 6 |
| 3 | ഊരുക്കൂട്ട യോഗങ്ങൾ | 2010 ജനുവരി 5 |
| 4 | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ പദ്ധതി രൂപീകരണയോഗം | 2011 ജനുവരി 10 |
| 5 | കരട് പദ്ധതിക്ക് അന്തിമ രൂപം നൽകൽ | 2011 ജനുവരി 15 |
| 6 | വികസന സെമിനാർ | 2011 ജനുവരി 20 |
| 7 | പദ്ധതിക്ക് അന്തിമ രൂപം നൽകി ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പിന്റെ പ്രത്യേക കമ്മിറ്റിക്ക് സമർപ്പിക്കൽ | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2011 ഫെബ്രുവരി 1<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും – 2011 ഫെബ്രുവരി 10 |
| 8 | ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | (എ) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും – 2011 ഫെബ്രുവരി 14<br>(ബി) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും – 2011 ഫെബ്രുവരി 25 |
| 9 | പദ്ധതി പ്രചാരണം | 2011 മാർച്ച് 15 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്